പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :558 04.02.2020-ലെ മറുപടിക്ക്

**നെടുമങ്ങാട് മണ്ഡലത്തിൽ റബർ അധിഷ്ഠിത വ്യവസായ സ്ഥാപനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) നെടുമങ്ങാട് മണ്ഡലത്തിൽ റബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | **(എ)** നെടുമങ്ങാട് മണ്ഡത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീസ് പ്രൊമോഷനെ (കെ-ബിപ്പ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സാധ്യതാപഠനം നടത്തുന്നതിനായി പ്രസ്തുത സ്ഥാപനം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(ബി)** പുറമേ നിന്നുള്ള ഒരു വിദ്ഗദ്ധ ഏജൻസി മുഖേനയാണ് പ്രസ്തുത സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്.ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തി വിദ്ഗദ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് കെ-ബിപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത സാധ്യതാപഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാലാവധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാലാവധി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | **(സി)** പ്രസ്തുത സാധ്യതാ പഠനം പൂർത്തിയാക്കി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Shabna

**സെക്ഷൻ ഓഫീസർ**